പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **--5770** **27.10.2011-** ലെ മറുപടിക്ക്

വിദേശ മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) വിദേശ മലയാളികളുടെ ക്ഷേമപ്രവർത്തനത്തിൽ സജീവ ഇടപെടൽ നടത്തണമെന്ന് നോർക്ക തീരുമാനിച്ചിട്ടുണ്ടോ; | (എ) വിദേശ മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങളിൽ നോർക്ക വകുപ്പ് സജീവ ഇടപെടലുകൾ നടത്തി വരുന്നുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നത്; | (ബി) വിദേശ മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ നോർക്ക വകുപ്പിൽ നിന്നും സ്വീകരിച്ച് വരുന്നുണ്ട്.<br>പ്രവാസികൾക്ക് അടിയന്തിര സഹായം ആവശ്യമായി വരുന്ന ലിബിയ /യെമൻ ആഭ്യന്തര കലാപം തുടങ്ങിയ സമാനമായ സന്ദർഭങ്ങളിൽ ഈ വകുപ്പ് അവസരോചിതമായി നടപടി |

സ്വീകരിക്കുകയും പ്രവാസികൾക്ക് വേണ്ടുന്ന സഹായം എത്തിക്കാൻ മുൻകൈ എടുക്കുകയും ചെയ്യുന്നുണ്ട്. അതു പോലെ വിദേശങ്ങളിൽ ശിക്ഷിക്കപ്പെട്ട് കഴിയുന്ന മലയാളികളുടെ പരാതികളും, വീട്ടു ജോലിക്കായി വിദേശങ്ങളിൽ പോകുന്ന സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നതായുള്ള പരാതികളും ലഭിക്കാറുണ്ട്. പരാതികൾ ബന്ധപ്പെട്ട എംബസികളുടെ ശ്രദ്ധയിൽ കൊണ്ടു വരുകയും അവരെ മോചിപ്പിച്ച് നാട്ടിൽ എത്തിക്കുന്നതിനു വേണ്ടുന്ന സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ പ്രവാസി വിദേശത്ത് നേരിടുന്ന ഏത് പ്രശ്നത്തിനുംസർക്കാരിന്റെ സഹായം അഭ്യർത്ഥിക്കുന്ന മുറയ്ക്ക് , അവ എംബസ്സിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്.

1. **<u>സാന്ത്വന</u>**

ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്.

2. **<u>കാരുണ്യം</u>**

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന

മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

3. **ചെയർമാൻ ഫണ്ട്**

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്.

(സി) മാറി വരുന്ന ലോക സാഹചര്യത്തിൽ വിദേശ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും, കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി വിദേശ മലയാളി സംഗമം സംഘടിപ്പിക്കുവാൻ ശ്രമിക്കുമോ;

(ഡി) എങ്കിൽ എന്ന് എവിടെ വച്ച് സംഘടിപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

(സി & ഡി) വിദേശ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി വിദേശ മലയാളി സംഗമം 2011 ഡിസംബർ 29, 30 തീയ്യതികളിൽ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കുന്നതിന് ആലോചനയുണ്ട്.

സെക്ഷൻ ഓഫീസർ